# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2024/91

തിരുവനന്തപുരം
16.12.2024

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം :** **വാക്സിൻ ചലഞ്ചിന്റെ പേരിൽ പിടിച്ച തുക തിരികെ ലഭിക്കുന്നത് സംബന്ധിച്ച്.**

സൂചന : നം.1981835/ഇൻഫ.3/36/2022/ധന, 15.02.2022 ലെ ധനകാര്യ (ഇൻഫർമേഷൻ) വകുപ്പിന്റെ കത്ത്.

2021 വർഷത്തിൽ KSEBL ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വാക്സിൻ ചലഞ്ചിന്റെ പേരിൽ പിടിച്ച തുക ഇതുവരെയും തിരിച്ചു നൽകിയിട്ടില്ല. വാക്സിന് വേണ്ടിയുള്ള തുക മുഴുവൻ കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ച സാഹചര്യത്തിൽ കേരളത്തിൽ യാതൊരു ഗവൺമെന്റ്/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും തുക ജീവനക്കാരിൽ നിന്നും പിടിച്ചിട്ടില്ല. വാക്സിൻ ചലഞ്ച് ഇനത്തിൽ തുക പിടിക്കുവാൻ ഉത്തരവ് ഗവൺമെന്റിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ലായെന്ന് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടി ഹാജരാക്കുന്നു. ആയതിനാൽ പിടിച്ച തുക ഉടൻ തിരിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Sibykutty

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

ഉള്ളടക്കം: സൂചന കത്ത്

Copy to : The Chief Personnel Officer, KSEBL, Vaidyuthy Bhavan, Pattom

ഭരണഭാഷ - മാതൃഭാഷ

വിവരാവകാശം-അടിയന്തരം

**കേരള സർക്കാർ**

**നം.1981835/ഇൻഫ.3/36/2022/ധന**

ധനകാര്യ (ഇൻഫർമേഷൻ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 15/02/2022

പ്രേഷകൻ

അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ II

സ്വീകർത്താവ്

അഡ്വ .സിബിക്കുട്ടി ഫ്രാൻസിസ്
മാഞ്ഞാക്കൽ
ഡോക്ടേഴ്സ് ഗാർഡൻ DGRA -13
ഉള്ളൂർ ,മെഡിക്കൽ കോളേജ് .പി .ഒ
തിരുവനന്തപുരം,

സർ,

വിഷയം :- വിവരാവകാശനിയമം 2005 - വിവരങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 22/01/2022 ന് ധനകാര്യ വകുപ്പിൽ ലഭിച്ച താങ്കളുടെ 22/01/2022 ലെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വാക്സിൻ ചലഞ്ച് എന്ന പേരിൽ 2020, 2021 വർഷത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാരിൽ നിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ എല്ലാ ജീവനക്കാരിൽ നിന്നുമായി സ്ഥാപനം മുഖേന സംഭാവന അഭ്യർത്ഥിച്ച് ധനകാര്യവകുപ്പ് ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടില്ല

2)ബാധകമല്ല.

വിശ്വസ്തതയോടെ,

അനിൽ കുമാർ.ജി
അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ II
ഫോൺ : 0471-2517493 /8812

അപ്പലേറ്റ് അതോറിറ്റി II

അഡീഷണൽ സെക്രട്ടറി & അപ്പലേറ്റ് അതോറിറ്റി II, ധനകാര്യ വകുപ്പ് ഫോൺ : 0471-2518522(മേൽ മറുപടിക്കെതിരായി ആക്ഷേപമുള്ളപക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ അപ്പീൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് )